**I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക**

**1. കരിന്തമിഴിൽ നിന്നാണ് മലയാളം ഉദ്ഭവിച്ചതെന്ന വാദം അവതരിപ്പിച്ചതാര്?**

(a) ഹെർമ്മൻ ഗുണ്ടർട്ട്

(b) ഏ. ആർ. രാജരാജവർമ്മ

(c) ഡോ. കെ.എം. ജോർജ്ജ്

(d) ആറ്റൂർ കൃഷ്ണപ്പിഷാരടി

---

**2. ചിത്രമെഴുത്ത് കെ.എം. വർഗീസ് അവതാരിക എഴുതിയ കൃതിയേത്?**

(a) ശ്രീയേശുവിജയം

(b) ഇസ്രായേൽവംശചരിതം

(c) മഗ്ദലനമറിയം

(d) വിശ്വദീപം

---

**3. കുടിയേറ്റക്കാരുടെ കഥ പറയുന്ന കൃതി?**

(a) ഉഷ്ണമേഖല

(b) പറങ്കിമല

(c) ഒറോത

(d) വസൂരി

---

**4. അസ്തിത്വവാദപരമായ ചെറുകഥയേത്?**

(a) രാധ രാധ മാത്രം

(b) ഗൗരി

(c) രാച്ചിയമ്മ

(d) വളർത്തുമൃഗങ്ങൾ

---

**5. മലയാളത്തിലെ ആദ്യത്തെ സാഹിത്യചരിത്രം ആരുടേത്?**

(a) ഉള്ളൂർ

(b) പി. ശങ്കരൻ നമ്പ്യാർ

(c) ആർ. നാരായണപ്പണിക്കർ

(d) പി.ഗോവിന്ദപ്പിള്ള

---

**6. ഫെമിനിസ്റ്റ് കവിത എന്നു വിശേഷിപ്പിക്കാവുന്ന കവിതയേത്?**

(a) ചരിവ്

(b) മാമ്പഴക്കാലം

(c) വിഷക്കായ

(d) ഇവനെക്കൂടി

---

**7. ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ 'അന്നം' എന്ന കവിതയിൽ അനുസ്മരിക്കപ്പെടുന്ന കവിയേത്?**

(a) കുമാരനാശാൻ

(b) ചങ്ങമ്പുഴ

(c) വൈലോപ്പിള്ളി

(d) പി. കുഞ്ഞിരാമൻ നായർ



Scanned by CamScanner

8. അഭിനവഭാരതി, ധ്വന്യാലോകലോചനം എന്നീ ഗ്രന്ഥങ്ങൾ ആരുടേത്?

(a) അഭിനവഗുപ്തൻ
(b) രുദ്രടൻ
(c) രാജശേഖരൻ
(d) മമ്മടൻ

---

9. 'മലയാണ്മയുടെ വ്യാകരണം' രചിച്ചതാര്?

(a) ജോർജ്ജ് മാത്തൻ
(b) ബെഞ്ചമിൻ ബെയ്‌ലി
(c) പാച്ചു മൂത്തത്
(d) ശേഷഗിരിപ്രഭു

---

10. കരിമാടിക്കുട്ടൻ പ്രതിമ ഏതു മതപാരമ്പര്യവുമായി ബന്ധപ്പെട്ടിരിക്കുന്നു?

(a) ജൈനമതം
(b) ബുദ്ധമതം
(c) ജൂതമതം
(d) ഹിന്ദുമതം

---

11. 'കൂട്ടുകൃഷി' എന്ന നാടകം ഏതു വിഭാഗത്തിൽപ്പെടുന്നു?

(a) പ്രശ്നനാടകം
(b) അസംബന്ധനാടകം
(c) രാഷ്ട്രീയനാടകം
(d) തനതുനാടകം

---

12. രചനാന്തരപ്രജനകവ്യാകരണം അവതരിപ്പിച്ചതാര്?

(a) ആർ.ഇ.ആഷർ
(b) നോം ചോംസ്കി
(c) ബ്ലൂംഫീൽഡ്
(d) സസ്സൂർ

---

13. 'എന്റെ ഗന്ധർവ സ്നേഹിതൻ' എന്ന ചെറുകഥ രചിച്ചതാര്?

(a) വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ
(b) എം.ആർ.കെ.സി.
(c) ഇ.വി. കൃഷ്ണപിള്ള
(d) അമ്പാടി കാർത്ത്യായനി അമ്മ

---

14. 'ഓർമ്മയിലെ പച്ചകൾ' ആരുടെ ആത്മകഥ?

(a) ഭരത് ഗോപി
(b) കാലടി ഗോപി
(c) സുരേഷ് ഗോപി
(d) കലാമണ്ഡലം ഗോപി

---

15. പാക്ഷികവിനയെച്ചത്തിന് ഉദാഹരണമേത്?

(a) പോയിക്കണ്ടു
(b) കണ്ടുപോയി
(c) പോയാൽ കാണാം
(d) കാണാൻ പോകാം



Scanned by CamScanner

16. ചോകിരം ഗ്രാമം വർണിക്കപ്പെടുന്ന കൃതിയേത്?

(a) കോകസന്ദേശം

(b) ഉണ്ണിയാടീചരിതം

(c) ഉണ്ണിച്ചിരുതേവീ ചരിതം

(d) ഉണ്ണിയച്ചീചരിതം

---

17. ക്ഷേത്രപ്രവേശന വിളംബരം നടന്ന വർഷമേത്?

(a) 1936

(b) 1942

(c) 1946

(d) 1947

---

18. ആദ്യത്തെ മലയാളം-മലയാളം നിഘണ്ടു ആരുടേത്?

(a) ബെഞ്ചമിൻ ബെയ്‌ലി

(b) ഗുണ്ടർട്ട്

(c) റിച്ചാർഡ് കോളിൻസ്

(d) ശ്രീകണ്ഠേശ്വരം

---

19. 'അപ്പൻ' എന്ന ചെറുകഥ രചിച്ചതാര്?

(a) സന്തോഷ് ഏച്ചിക്കാനം

(b) എസ്. ഹരീഷ്

(c) സുസ്മേഷ് ചന്ത്രോത്ത്

(d) സുഭാഷ് ചന്ദ്രൻ

---

20. 'വാക്കും സമൂഹവും' എന്ന കൃതി ഏതു കവിയെക്കുറിച്ചുള്ള പഠനമാണ്?

(a) ഉണ്ണായി വാര്യർ

(b) കുഞ്ചൻ നമ്പ്യാർ

(c) രാമപുരത്തുവാര്യർ

(d) പൂന്താനം

---

21. ആറന്മുളക്ഷേത്രത്തെ പരാമർശിക്കുന്ന പ്രാചീന പാട്ടുകൃതിയേത്?

(a) രാമചരിതം

(b) രാമകഥപ്പാട്ട്

(c) തിരുനിഴൽമാല

(d) മാവാരതം പാട്ട്

---

22. 'നീലക്കുയിൽ' എന്ന സിനിമയിലെ പാട്ടുകൾക്ക് ഈണം നൽകിയതാര്?

(a) എം.എസ്. ബാബുരാജ്

(b) വി. ദക്ഷിണാമൂർത്തി

(c) ജി.ദേവരാജൻ

(d) കെ. രാഘവൻ

---

23. 'കേരളപാണിനീയഭാഷ്യം' രചിച്ചതാര്?

(a) പുതുശേരി രാമചന്ദ്രൻ

(b) കെ.എം.പ്രഭാകരവാര്യർ

(c) സി.എൽ.ആന്റണി

(d) എൽ.വി.രാമസ്വാമി അയ്യർ



Scanned by CamScanner

24. ‘സരസ്വതീവിജയം’ രചിച്ചതാര്?

(a) മൂർക്കോത്ത് കുഞ്ഞപ്പ
(b) സി. അന്തപ്പായി
(c) അമ്പാടി നാരായണപ്പൊതുവാൾ
(d) പോത്തേരി കുഞ്ഞമ്പു

---

25. പീതാംബരൻ – ഏതു സമാസം?

(a) ബഹുവ്രീഹി
(b) അവ്യയീഭാവൻ
(c) തത്പുരുഷൻ
(d) ദ്വന്ദ്വസമാസം

---

26. എസ്. ജോസഫിന് കേരളസാഹിത്യ അക്കാദമി അവാർഡ് നേടിക്കൊടുത്ത കൃതി?

(a) ഐഡിന്റിറ്റി കാർഡ്
(b) ഉപ്പന്റെ കൂവൽ വരയ്ക്കുന്നു
(c) കറുത്ത കല്ല്
(d) മീൻകാരൻ

---

27. എസ്.കെ. പൊറ്റെക്കാട്ടിന് ജ്ഞാനപീഠ പുരസ്ക്കാരം നേടിക്കൊടുത്ത കൃതിയേത്?

(a) ഒരു ദേശത്തിന്റെ കഥ
(b) ഒരു തെരുവിന്റെ കഥ
(c) വിഷകന്യക
(d) മൂടുപടം

---

28. ‘ഹിമവാന്റെ മുകൾത്തട്ടിൽ’ എന്ന യാത്രാവിവരണ ഗ്രന്ഥം ആരുടേത്?

(a) സക്കറിയ
(b) എം.പി. വീരേന്ദ്രകുമാർ
(c) രാജൻ കാക്കനാടൻ
(d) കെ.ബി. പ്രസന്നകുമാർ

---

29. കേരളത്തിലെ ആദ്യ മുസ്ലീം പള്ളി എവിടെയാണ്?

(a) കോഴിക്കോട്
(b) പൊന്നാനി
(c) മലപ്പുറം
(d) കൊടുങ്ങല്ലൂർ

---

30. പുലയ–ക്രൈസ്തവ ജീവിതത്തിന്റെ കഥ പറയുന്ന നോവൽ ഏത്?

(a) കരിക്കോട്ടക്കരി
(b) അന്ധകാരനഴി
(c) പന്നിവേട്ട
(d) ചോരശാസ്ത്രം

---

31. ‘ഒരു കുടയും കുഞ്ഞുപെങ്ങളും’ ആരുടെ കൃതി?

(a) ഉറൂബ്
(b) തകഴി
(c) മുട്ടത്തുവർക്കി
(d) ലളിതാംബിക അന്തർജ്ജനം

Scanned by CamScanner

32. 'ഉറങ്ങാത്ത മനീഷി' എന്ന ജീവചരിത്രം ആരെക്കുറിച്ചാണ്?

(a) കേസരി ബാലകൃഷ്ണപിള്ള (b) പി.കെ. ബാലകൃഷ്ണൻ

(c) സി. കേശവൻ (d) സഹോദരൻ അയ്യപ്പൻ

33. 'ആമേൻ' ആരുടെ ആത്മകഥ?

(a) ദയാബായി (b) സിസ്റ്റർ ജസ്മി

(c) മേരി ബനീഞ്ഞ (d) മേരി ജോൺ കൂത്താട്ടുകുളം

34. ഇ.എം.എസ്. രചിച്ച കേരളചരിത്ര ഗ്രന്ഥമേത്?

(a) കേരളത്തിന്റെ ഇന്നലകൾ (b) കേരളത്തിന്റെ സാംസ്കാരിക ചരിത്രം

(c) കേരളം മലയാളികളുടെ മാതൃഭൂമി (d) കേരളത്തിലെ കാർഷിക സമരങ്ങൾ

35. ഫോക്‌ലോർ നിഘണ്ടു രചിച്ചതാര്?

(a) എം.വി. വിഷ്ണു നമ്പൂതിരി (b) രാഘവൻ പയ്യനാട്

(c) സി.ആർ. രാജഗോപാലൻ (d) ഏ.കെ. നമ്പ്യാർ

36. മികച്ച ചലച്ചിത്ര സംവിധാനത്തിനുള്ള കേരള സംസ്ഥാന അവാർഡ് കരസ്ഥമാക്കിയ ആദ്യ വനിത?

(a) അഞ്ജലി മേനോൻ (b) സുരഭി ലക്ഷ്മി

(c) വിധു വിൻസെന്റ് (d) ശ്രീബാല കെ. മേനോൻ

37. പാശ്ചാത്യ സാഹിത്യദർശനം- രചിച്ചതാര്?

(a) നെല്ലിക്കൽ മുരളീധരൻ (b) എം. അച്യുതൻ

(c) കെ.എം. തരകൻ (d) പി.പി. രവീന്ദ്രൻ

38. തിണസങ്കല്പം അവതരിപ്പിക്കപ്പെടുന്ന പ്രാചീന കൃതി?

(a) തിരുക്കുറൾ (b) നന്നൂൽ

(c) തൊൽക്കാപ്പിയം (d) പട്ടനാർ ഗീത

39. 'മലയാളനാടക സ്ത്രീചരിത്രം' എന്ന കൃതി ആരുടെ രചന?

(a) സജിത മഠത്തിൽ (b) കെ.വി. ശ്രീജ

(c) രാജശ്രീ വാര്യർ (d) ആശാദേവി

Scanned by CamScanner